# സിറ്റിസൺ അദാലത്ത്

**ഉത്തരവ് നമ്പർ BPIDK20608000002/IVO2/LSGD - ഇടുക്കി തിയതി 15/07/2025**

കാഞ്ചിയാർ ഗ്രാമപഞ്ചായത്തിൽ 2 ആം വാർഡിൽ കോഴിമല പള്ളിപ്പടിയിൽ മുല്ലശ്ശേരി വീട്ടിൽ അംബുജാക്ഷിയമ്മ സമർപ്പിച്ച പരാതിയിൽ മേൽപരാമർശിച്ച സ്ഥലത്ത് ടി യാൾ നിർമ്മിച്ച വീടിനും അതോടുചേർന്നുള്ള കടമുറികൾക്കും ഇതുവരെയും പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ച നൽകിയിട്ടില്ലത്തതായും ആരോപിക്കുന്നു. റോഡിൽ നിന്നുള്ള ദൂര പരിധി പാലിക്കാത്തതാണ് തടസ്സമെന്നും ആയത് തങ്ങളുടെ അറിവില്ലായ്മകൊണ്ടു സംഭവിച്ചതാണെന്നും ഇളവ് വേണമെന്നും പരാതിയിൽ സൂചിപ്പിക്കുന്നു.

**കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട്**

220 ബി പ്രകാരമുള്ള നിബന്ധനകൾ ടി കെട്ടിടം പാലിക്കുന്നില്ല എന്നും നിർമാണ ആരംഭത്തിൽ തന്നെ സ്റ്റോപ്പ് മെമ്മോ നല്കിയിരുന്നതാണെന്നും സെക്രട്ടറി അറിയിച്ച കൂടാതെ ലൈസെൻസി മുഖാന്തരം ക്രമവൽക്കരണത്തിനുള്ള അപേക്ഷ ആവർത്തിച്ചാവശ്യപെട്ടിട്ടും പരാതികാരി നല്കാൻ തയ്യാറായിട്ടില്ലാത്തതുമാണ്. ആവശ്യമായ രേഖകൾ സമർപ്പിച്ചുള്ള അപേക്ഷ ലഭിച്ചാൽ മാത്രമേ ആയവ പരിശോധിച്ച് തീരുമാനം പരാതിക്കാരിയെ അറിയിക്കാൻ കഴിയുകയുള്ളു .

**അദാലത്ത് സമിതി തീരുമാനം**

കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പരാതിക്കാരിയും സമിതി മുമ്പാകെ നേരിട്ട് ഹാജരായി,പ്രഥമദൃഷ്ട്യാ ചട്ടലംഘനം വ്യക്തമാണെന്നും അപേക്ഷക കെട്ടിട നമ്പറിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ഇതുവരെ സമർപ്പിച്ചിട്ടില്ല എന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. അറിവില്ലായ്മ നിമിത്തമാണ് കെട്ടിടം നിർമ്മാണത്തിൽ അപാകതകൾ സംഭവിച്ചതെന്നും ആയതിൽ ഇളവുകൾ നൽകണമെന്നും പരാതിക്കാരി ആവശ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിൽ അപേക്ഷക കെട്ടിട നമ്പറിന് വേണ്ടി ആവശ്യമായ രേഖകൾ ഉൾകൊള്ളിച്ചുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് സമിതി വിലയിരുത്തി, ടി കെട്ടിട നമ്പറിനുള്ള അപേക്ഷ യഥാവിധി കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന് സമർപ്പിക്കുന്നതിന് പരാതിക്കാരിക്കും,ടി അപേക്ഷ ലഭിച്ചാലുടൻ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും,തുടർന്നുള്ള വിവരങ്ങൾ സമിതിയെ അറിയിക്കുന്നതിനും കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കു നിർദ്ദേശം നൽകിയും പരാതി തീർപ്പാക്കി സമിതി തീരുമാനിച്ചു .

വിശ്വസ്തതയോടെ

JOSEPH T.F
PEN - 717811
Assistant Director ... ഫ്
(Internal Vigilance Officer)
O/o, The District Joint Director
കൺവീനർ (LSGD) Idukki, Kuyilimala - 685603

ഇന്റേണൽ വിജിലൻസ് ഓഫീസർ യൂണിറ്റ് 1,2

തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി

# കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് കാര്യാലയം

കാഞ്ചിയാർ പി.ഒ, ലബ്ബക്കട, 685511, ഇടുക്കി

**E-mail: kanchiyargp@gmail.com,** ഫോൺ- 04868271211

---

നമ്പർ: എസ്.സി1/2023/898 തീയതി ~~0[illegible]4~~ 01/02/2025

പ്രേഷകൻ,

സെക്രട്ടറി

ഗ്രാഹകൻ,

ശ്രീമതി അംബുജാക്ഷിയമ്മ

മുല്ലശ്ശേരിൽ, കോഴിമല പി.ഒ, കോഴിമല

വിഷയം - കെട്ടിട നമ്പർ ലഭിച്ചില്ലെന്ന പരാതി - സംബന്ധിച്ച്

സൂചന താങ്കൾ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച പരാതി

മേൽ സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കാഞ്ചിയാർ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ കോഴിമല പള്ളിസിറ്റി ഭാഗത്ത് റോഡിൽ നിന്നും മതിയായ അകലം പാലിക്കാതെ താങ്കൾ വാണിജ്യാവശ്യത്തിനായുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി മണ്ണ് നീക്കം ചെയ്യുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് നിർമ്മാണ പ്രവർത്തനം നിർത്തിവക്കുവാൻ 08/03/2019 തീയതിയിൽ സ്റ്റോപ്പ് മെമ്മോ നൽകുകയും ആയത് കൈപ്പറ്റുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ താങ്കൾ സ്റ്റോപ്പ് മെമ്മോ അവഗണിച്ച് നിയമാനുസൃതം പെർമിറ്റിനായി അപേക്ഷ നൽകുവാൻ തയ്യാറാകാതെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. 07/07/2021 തിയതിയിൽ താങ്കൾ കെട്ടിടനമ്പരിനായി വെള്ളപ്പേപ്പറിൽ അപേക്ഷ നൽകിയതിൻറെ അടിസ്ഥാനത്തിൽ അസിസ്റ്റൻറ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി കെപിബിആർ ചട്ടം 23, കെപിആർ 220(ബി) എന്നിവ പാലിക്കാതെയാണ് വാണിജ്യാവശ്യത്തിനായുള്ള കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്ന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതുമാണ്. ആയതിൻറെ അടിസ്ഥാനത്തിൽ കെട്ടിടനമ്പർ അനുവദിക്കുവാൻ സാധിക്കുകയില്ലായെന്നും അപാകത പരിഹരിച്ച് കെട്ടിടം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ 20/07/2021 താങ്കൾക്ക് കത്ത് നൽകുകയും ചെയ്തു. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിൻറെ കംപ്ലീഷൻ പ്ലാനും കെട്ടിടം നിർമ്മിച്ചിരിക്കുന്ന ഭൂമി സംബന്ധിച്ച് രേഖകളും സഹിതം ലഭ്യമാക്കി കെട്ടിടം ക്രമവത്കരിക്കണമെന്നും കാണിച്ച് ശ്രീമതി. അംബുജാക്ഷിയമ്മ മുല്ലശ്ശേരിൽ എന്നയാൾക്ക് 29/04/2022, 23/08/2023 തീയതികളിൽ കത്ത് നൽകിയിരുന്നവെങ്കിലും നാളിതുവരെ താങ്കൾ ആയത് ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്.

പരാതികക്ഷിയായ താങ്കൾ വാണിജ്യാവശ്യത്തിനായി നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിൻറെ മുൻഭാഗത്തുകൂടി പൊതുമരാമത്ത് വകുപ്പിൻറെ ഉടമസ്ഥതയിലുള്ള റോഡും ഇടതുഭാഗത്തുകൂടി കോഴിമല രാജപുരം പഞ്ചായത്ത് റോഡും കടന്നുപോകുന്നുണ്ടെങ്കിലും റോഡിൽ നിന്നും ആവശ്യമായ ദൂരപരിധി

പാലിക്കാതെയാണ് നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. എന്നിരുന്നാലും താങ്കളുടെ വെള്ളപ്പേപ്പറിലുള്ള അപേക്ഷ പരിഗണിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി പ്രാഥമിക പരിശോധന നടത്തിയെങ്കിലും കെട്ടിടം നിർമ്മിച്ചിരിക്കുന്ന ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ താങ്കൾ തയ്യാറായിട്ടുള്ളതല്ല. പരാതികക്ഷി വാണിജ്യാവശ്യത്തിനായുള്ള കെട്ടിടം നിർമ്മിച്ചിരിക്കുന്ന ഭൂമിയുടെ വിവരങ്ങളും കംപ്ലീഷൻ പ്ലാനും ലഭ്യമാക്കുവാൻ തയ്യാറാവാത്തതിനാൽ സർക്കാരിൻറെ ഏതെങ്കിലും ആദാലത്തിൽ ഫയൽ സമർപ്പിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

കെട്ടിട നിർമ്മാണ അനുമതി വാങ്ങാതെയും, ചട്ടങ്ങൾ ലംഘിച്ചുമാണ് ടിയാൾ 92.88 ച.മീ വിസ്തീർണ്ണത്തിൽ commercial cum Residential കെട്ടിടം നിർമ്മാണം നടത്തിയിരിക്കുന്നതിനാലും, മതിയായ രേഖകളും കെട്ടിടത്തിൻറെ കംപ്ലീഷൻ പ്ലാനും താങ്കൾ ലഭ്യമാക്കാത്തതിനാലുമാണ് പരാതികക്ഷിക്ക് കെട്ടിട നമ്പർ അനുവദിക്കുവാൻ സാധിക്കാത്തത്. ഇതേ വിഷയം താങ്കൾ ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ തദ്ദേശഅദാലത്ത്-2024 ൽ അപേക്ഷ സമർപ്പിക്കുകയും ആയത് പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിലേയകകായി പ്ലാനും ഭൂമിസംബന്ധമായ രേഖകളും ആവശ്യപ്പെടുന്നുവെങ്കിലും താങ്കൾ രേഖകൾ ലഭ്യമാക്കിയിട്ടുള്ളതല്ല. നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്ന കെട്ടിടത്തിൻറെ പ്ലാനും, കെട്ടിടം നിർമ്മിച്ചിരിക്കുന്ന ഭൂമി സംബന്ധമായ രേഖകളും ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടനമ്പർ അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതുമാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

SIMI K GEORGE
Secretary
Kanchiyar Grama Panchayat
PEN - 580403
Mob: 9496045087